## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 206 18.03.2013-ൽ മറുപടിയ്ക്ക്

## കളിസ്ഥലം നിർമ്മിക്കുന്നതിന് ധനസഹായം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജി.സുധാകരൻ | | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) കളിക്കളങ്ങളും സ്റ്റേഡിയങ്ങളും നിർമ്മിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കുമോ ; | (എ) | കളിസ്ഥലങ്ങളും സ്റ്റേഡിയങ്ങളും നിർമ്മിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും വേണ്ടി മെയിന്റനൻസ് ഓഫ് പ്ലേ ഫീൽഡ്, വിവിധോദ്ദേശ്യ കളിസ്ഥല നിർമ്മാണം എന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br><br>സ്കൂൾ, പഞ്ചായത്തുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് സ്റ്റേഡിയം/ കളിസ്ഥലം നിർമ്മാണത്തിന് നൽകുന്ന ധനസഹായം വിനിയോഗിക്കപ്പെടുന്നതിലെ അപാകതകൾ ഒഴിവാക്കുന്നതിന് അടിസ്ഥാനസൗകര്യ നിർമ്മാണവുമായി ബന്ധപ്പെട്ട അപേക്ഷകൾ/ പ്രോജക്ട് പ്രൊപ്പോസലുകൾ തുടങ്ങിയവ സംബന്ധിച്ച തീരുമാനമെടുക്കുന്നതിന് ബഹുമാനപ്പെട്ട വനം കായിക വകുപ്പുമന്ത്രി ചെയർമാനും സ്പോർട്സ് സെക്രട്ടറി കൺവീനറുമായ ഒരു സ്റ്റേറ്റ് ലെവൽ സ്പോർട്സ് ഇൻഫ്രാ സ്ട്രക്ചർ ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിച്ചു.<br><br>താഴെത്തട്ടിൽ ഗുണ നിലവാരമുള്ള ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി താഴെ പറയുന്ന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകിവരുന്നു.<br><br>1. നവീന സ്വിമ്മിംഗ് പൂളുകളുടെ നിർമ്മാണം<br>2. സിന്തറ്റിക് റണ്ണിംഗ് ട്രാക്കോടുകൂടിയ ലോങ്ങ് ജംപ് പിറ്റുകൾ<br>3. 4 വരിയുള്ള സിന്തറ്റിക് ട്രാക്കുകളുടെ നിർമ്മാണം<br>4. സിന്തറ്റിക് റണ്ണപ്പോടുകൂടിയ ഹൈജംപ് മാറ്റ്റസ്സ്<br>5. സിന്തറ്റിക് കബഡി കളിക്കളം<br>6. സിന്തറ്റിക് ഫുട്ബോൾ പരിശീലന സൗകര്യം<br>7. സിന്തറ്റിക് ടർഫ് നിർമ്മാണം |
| (ബി) അമ്പലപ്പുഴ ഗവൺമെന്റ് എൽ.പി.സ്കൂൾ ഗ്രൗണ്ട് മണ്ണിട്ടുയർത്തി കളിസ്ഥലം നിർമ്മിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ; | (ബി) | ഇല്ല |

| | | | |
|---|---|---|---|
| (സി) | സ്കൂളുകൾക്ക് കളിസ്ഥലം നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയെന്നു വിശദമാക്കുമോ ? | (സി) | കളിസ്ഥല വികസന/നവീകരണ പദ്ധതി പ്രകാരം കളിസ്ഥലങ്ങളും, കുളങ്ങളും നവീകരിക്കുന്നതിനായി 5 ലക്ഷം രൂപ വരെ അനുവദിക്കുന്ന ഒരു പദ്ധതി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിലവിലുണ്ടായിരുന്നു. മുൻകാലങ്ങളിൽ തുക അനുവദിച്ച സ്ഥാപനങ്ങളിലധികവും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതി നിർത്തിവച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ